**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **28-02-2023 - ൽ മറുപടിയ്ക്ക്**

**നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിൽപ്പെട്ടതും, നാട്ടിക, കൈപ്പമംഗലം നിയോജകമണ്ഡലങ്ങളിൽപ്പെട്ടതുമായ എസ്.എൻ.പുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി എന്നീ പഞ്ചായത്തുകളും നാട്ടിക നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വലപ്പാട്, നാട്ടിക, തളിക്കുളം എന്നീ പഞ്ചായത്തുകളും, മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തും, ഗുരുവായൂർ നിയോജകമണ്ഡല ത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിനും വേണ്ടി കിഫ്ബി സാമ്പത്തിക സഹായത്തോടെ 69.96 കോടി രൂപ ചിലവിൽ നടപ്പിലാക്കുന്ന സമഗ്ര ശുദ്ധജലവിതരണ പദ്ധതിയാണ് കിഫ്ബി നാട്ടിക ഫർക്ക സമഗ്ര ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം<br><br>നാട്ടിക വിപുലീകരണ പദ്ധതിയുടെ ഉൽപാദന ഘടകങ്ങൾക്കും 10 പഞ്ചായത്തുകൾക്കുള്ള പൊതുവായ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 3 പഞ്ചായത്തുകളിലെ ടാങ്കിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്നതിന് 69.96 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും, 69.95 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.<br><br>രണ്ടു പാക്കേജുകളായാണ് ഈ പദ്ധതി ടെണ്ടർ ചെയ്തത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ ഈ പ്രവൃത്തി ആർക്കും അവാർഡ് ചെയ്തിട്ടില്ല. ഈ പ്രവൃത്തിയ്ക്ക് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിലേക്ക് പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ഫണ്ടിംഗ് അനുമതിയും |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം 2 വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പാക്കേജ് 1** - 9 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും, 26 എം.എൽ.ഡി. ജലശുദ്ധീകരണ ശാല, 2700 മീറ്റർ നീളത്തിൽ 700 എം.എം.ഡി.ഐ.കെ 9 റോ വാട്ടർ പമ്പിംഗ് മെയിൻ, 265 എച്ച്.പി. റോ വാട്ടർ പമ്പ് സെറ്റ്, 225 എച്ച്.പി. ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 500 കെ.വി.എ. ട്രാൻസ്ഫോമർ 2 എണ്ണം, നിലവിലുള്ള ജലശുദ്ധീകരണശാല, കിണർ, പമ്പ് ഹൗസ് എന്നിവയുടെ നവീകരണം എന്നിവയാണ് ഈ പ്രവർത്തിയിലെ ഘടകങ്ങൾ.

ദർഘാസ് നമ്പർ 11/എസ്.ഇ/പി.എച്ച്.സി/ടി.എസ്.ആർ/2019-20 തിയ്യതി 23.09.2019 പ്രകാരം 22,93,85,183/- രൂപയുടെ ദർഘാസ് ക്ഷണിച്ചതിൽ ശ്രീ.ജോസഫ് ജോൺ മോനിപ്പിള്ളിൽ വീട്, ആവോലി പി.ഒ., ആനിക്കാട്, മൂവാറ്റുപുഴ, എറണാകുളം ടെണ്ടേഡ് പി.എ.സി.-യെക്കാൾ 5.39% കുറഞ്ഞ നിരക്കിൽ 21,70,21,000/- രൂപയ്ക്ക് ക്വാട്ട് ചെയ്യുകയുണ്ടായി. ടി പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 24 മാസമായിരുന്നു. കരാർ ഉടമ്പടി നമ്പർ 01/എസ്.ഇ/പി.എച്ച്.സി/ടി.എസ്.ആര്/2020-21 തിയ്യതി 30.06.2020 പ്രകാരം കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ഏർപ്പാട് ചെയ്തെങ്കിലും ടി കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് മുന്നോട്ട് പോകാതിരുന്ന സാഹചര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.ഡബ്ല്യു.എ., പി.എച്ച്. സർക്കിൾ, തൃശ്ശൂരിന്റെ 02.03.2022-ലെ കെ.ഡബ്ല്യു.എ/പി.എച്ച്.സി/ടി.എസ്.ആർ/ഡി3-2709/2019 (പാർട്ട് 1) വാല്യം 2 നമ്പർ ഉത്തരവ് പ്രകാരം കരാർ ഉടമ്പടി റദ്ദ് ചെയ്ത് ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഏർപ്പാട് ചെയ്യുവാൻ ഉത്തരവായിട്ടുള്ളതാണ്. കരാറുകാരനായ ശ്രീ.ജോസഫ് ജോൺ മേൽ വിഷയപ്രവർത്തിക്ക് യാതൊരു പ്രവർത്തിയും ചെയ്തിട്ടില്ല.

കരാറുകാരൻ WP (C) No. 13291/21 പ്രകാരം ഫയൽ ചെയ്ത പെറ്റീഷനിൽ ബഹു.കേരള ഹൈക്കോടതി ഇടക്കാല ഉത്തരവ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അറേഞ്ച് ചെയ്യാന് പാടില്ല എന്നും പഴയ നിരക്ക് പ്രകാരം പ്രവൃത്തി ചെയ്യാൻ കരാറുകാരനെ നിർബന്ധിക്കരുതെന്നും റിവൈസ്ഡ് റേറ്റ് നൽകുന്നത് പരിഗണിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ഈ ഇടക്കാല ഉത്തരവ് പലപ്രാവശ്യം ദീർഘിപ്പിച്ച് നൽകുകയും അവസാനമായി 20-02-2023 ൽ വീണ്ടും 1 മാസത്തേയ്ക്കും ദീർഘിപ്പിച്ച് നല്കുകയുണ്ടായി.

നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി അറേഞ്ച് ചെയ്യാൻ തീരുമാനിച്ചതിനു ശേഷം ഈ പ്രവൃത്തി 3 തവണ ടെൻഡർ ചെയ്തു. ഈ മൂന്ന് തവണയും ടെൻഡറിൽ കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല.

**പാക്കേജ് 2** - 900 മുതൽ 300 മി.മീറ്റർ വ്യാസമുള്ള ഡി.ഐ. കെ.9 പൈപ്പുകൾ - 14890 മീറ്റർ നീളത്തിൽ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവർത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ദർഘാസ് നമ്പർ 12/എസ്.ഇ./പി.എച്ച്.സി/ടി.എസ്.ആർ/2019-20 തീയ്യതി 23.09.2019 പ്രകാരം 37,48,86,302/- രൂപയുടെ ദർഘാസ് ക്ഷണിച്ചതിൽ ശ്രീ.മുഹമ്മദ് റഷീദ്, കറുകമണ്ണിൽ വീട്, എടയൂർ നോർത്ത്.പി.ഒ., വളാഞ്ചേരി, മലപ്പുറം ടെണ്ടേട് പി.എ.സി-യേക്കാൾ 14.15% കുറഞ്ഞനിരക്കിൽ 32,18,24,000/- രൂപയ്ക്ക് ക്വാട്ട് ചെയ്യുകയുണ്ടായി. പ്രവൃത്തിയുടെ

പൂർത്തീകരണ കാലാവധി 24 മാസമായിരുന്നു. കരാർ ഉടമ്പടി നമ്പർ 12/എസ്.ഇ./പി.എച്ച്.സി/ടി.എസ്.ആർ/2019-20 തീയ്യതി 20.03.2020 പ്രകാരം കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ഏർപ്പാട് ചെയ്തിരുന്നുവെങ്കിലും ടി കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് മുന്നോട്ട് പോകാതിരുന്ന സാഹചര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.ഡബ്ല്യു.എ., പി.എച്ച്. സർക്കിൾ, തൃശ്ശൂരിന്റെ 07.02.2022-ലെ കെ.ഡബ്ല്യു.എ./പി.എച്ച്.സി/ടി.എസ്.ആർ/ഡി3-2709/2019(പാർട്ട് 1) വാള്യം 2 നമ്പർ ഉത്തരവ് പ്രകാരം കരാർ ഉടമ്പടി റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഏർപ്പാട് ചെയ്യാൻ ഉത്തരവായിട്ടുണ്ട്. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് ഏർപ്പാട് ചെയ്യുവാൻ താമസം വരുമെന്ന സാഹചര്യത്തിൽ പ്രവർത്തിയുടെ അംഗീകരിച്ച നിരക്കിന്റെ 30% തുകയായ 9,29,66,624/- രൂപ പ്രതീക്ഷിക്കുന്ന ബാധ്യതായി കരാറുകാരനിൽ നിന്നും ഈടാക്കാൻ ഉത്തരവായിട്ടുണ്ട്. കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No. 5344/2022 കേസിൻമേൽ ബഹു.ഹൈക്കോടതി 17.02.2022-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ബാങ്ക് ഗ്യാരണ്ടിയും ട്രഷറിഡെപ്പോസിറ്റും കണ്ടുകെട്ടരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കരാറുകാരനെതിരെ നിർബന്ധിത നടപടികൾ എടുക്കരുതെന്ന 10.08.2022-ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 12-01-23 ൽ 2 മാസത്തേയ്ക്ക് ഇടക്കാല ഉത്തരവ് ദീർഘിപ്പിച്ചു നല്കുകയുണ്ടായി. ഈ പ്രവൃത്തി പഴയ റേറ്റിൽ പല പ്രാവശ്യം റീ ടെണ്ടർ ചെയ്തെങ്കിലും ഓഫറുകളൊന്നും ലഭിച്ചില്ല.

ആയതിനാൽ ഈ പദ്ധതിക്കായി 88.96 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് PRICE-3 യിൽ തയ്യാറാക്കി, റിവൈസ്ഡ് ഫണ്ടിങ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.